പറഞ്ഞതു അടിസ്ഥാനരഹിതമാണ്. അതിലേക്കു ഞാൻ കടക്കുന്നില്ല. എന്തായാലും സർ, ഇതിനു ഉത്തരവാദികളായ ഒരു സർക്കിൾ ഇൻസ്പെക്ടറെയും രണ്ടു സബ് ഇൻസ്പെക്ടർമാരെയും ഒരു കോൺസ്റ്റബിളിനെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിനകം മറ്റുള്ള ആളുകളെ സംബന്ധിച്ച പരേഡു നടത്തി. ഐഡിൻറിഫൈ ചെയ്ത അവരുടെ പേരിൽ നടപടി സ്വീകരിക്കുകയാണ്.....(ബഹളം).....
ഇതിനു പുറമെ.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേറ്റ്മെൻറ് പൂർത്തിയാക്കട്ടെ.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ : എന്താണ് ഇത്ര ക്ഷമകേട് ? ഇക്കാര്യത്തിൽ അവരുടെ പേരിൽ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ റവന്യൂബോർഡു മെമ്പറെക്കൊണ്ട് അതിൻെറ മറ്റു വശങ്ങളെക്കുറിച്ചും അന്വേഷിക്കും. ഇതിൽനിന്നും ഒരാളെപോലും രക്ഷപ്പെടാൻ അനുവദിക്കുകയില്ല. ഇത്തരം നീചമായ നടപടികൾ—മേലധികാരികളുടെ നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിക്കുന്ന സാഹചര്യം കേരളത്തിൽ അനുവദിക്കുകയില്ല എന്നു വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആരുടെയും നിർബന്ധം കൂടാതെ, ഈ ഗവൺമെൻറ് ഇത്തരം അഴിഞ്ഞാട്ടം ഒരു കാരണവശാലും അനുവദിക്കുകയില്ലായെന്നു ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

V റിപ്പോർട്ട് സമർപ്പണം

(1) 1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(2) 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (രണ്ടാം ഭേദഗതി) ബില്ലിനെപറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(3) 1986-ലെ കേരള സഹകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(4) കേരള വനം (ഭേദഗതി) ബിൽ, 1986-നെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(5) 1986-ലെ കേരള കമാൻഡ് ഏരിയാ വികസന ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ,

1. 1986-ലെ സർവ്വകലാശാല, നിയമങ്ങൾ (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) : സർ, 1. 1986-ലെ കേരള സഹകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly